# കേരള സർവകലാശാല

നം. പി.ആർ.104/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഡിഗ്രി പ്രൈവറ്റ് രജിസ്ട്രേഷൻ

കേരള സർവകലാശാല 2016-17 അധ്യയനവർഷം മുതൽ ബി.ബി.എ കോഴ്സ് പ്രൈവറ്റ് രജിസ്ട്രേഷനിലൂടെ പരീക്ഷയെഴുതാനുള്ള അനുമതി നൽകിക്കൊണ്ട് വൈസ് ചാൻസലർ ഉത്തരവായി.

### പി.ജി പ്രൈവറ്റ് രജിസ്ട്രേഷൻ

കേരള സർവകലാശാല പ്രൈവറ്റ് രജിസ്ട്രേഷനിലൂടെ പി.ജി കോഴ്സുകളിൽ പരീക്ഷയെഴുതാൻ അനുവദിക്കുന്നതിനാവശ്യമായ റഗുലേഷൻ വിശേഷാൽ അധികാരം ഉപയോഗിച്ച് വൈസ് ചാൻസലർ അംഗീകരിച്ചു. ഏതൊക്കെ കോഴ്സുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ അനുവദിക്കാം എന്നത് ജൂൺ 21-ന് ചേരുന്ന പി.ജി ബോഡ് ചെയർമാൻമാരുടെയും ഫാക്കൽറ്റി ഡീൻ മാരുടേയും യോഗത്തിന് ശേഷം തീരുമാനമാകും.

### ബി.എ വൈവ

കേരള സർവകലാശാല ഏപ്രിൽ/മേയിൽ നടത്തിയ ബി.എ ഇംഗ്ലീഷ് മെയിൻ (ആന്വൽ സ്കീം) പരീക്ഷയുടെ വൈവ ജൂലൈ 11 മുതൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം എന്നിവിടങ്ങളിൽ നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ഡിഗ്രി ടൈംടേബിൾ

കേരള സർവകലാശാല ജൂൺ 22-ന് തുടങ്ങുന്ന നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബിഎ/ ബി.എസ്സി/ ബി.കോം/ ബി.സി.എ/ ബി.ബി.എ/ ബി.പി.എ/ ബി.എസ്.ഡബ്ല്യു പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.കോം ഫലം

കേരള സർവകലാശാല 2015 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.കോം ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ്, ബി.കോം കൊമേഴ്സ് വിത്ത് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.കോം കൊമേഴ്സ് ആൻഡ് ടാക്സ് പ്രൊസീജിയർ ആൻഡ് പ്രാക്ടീസ്, ബി.കോം കൊമേഴ്സ് ആൻഡ് ടൂറിസം ആൻഡ് ട്രാവൽ മാനേജ്മെന്റ് - (2013, 2014 അഡ്മിഷൻ, 2013-ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
17.06.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**